കേരള സർക്കാർ

കോളേജ് വിദ്യാഭ്യാസ വകുപ്പ്

നമ്പർ ആർ1/101905/2018/കോ:വി:വ തിരുവനന്തപുരം, തീയതി: 6.7.2018

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്:- ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ സ്കോളർഷിപ്പ് നോഡൽ ഓഫീസർമാരെ ചുമതലപെടുത്തുന്നത് - സംബന്ധിച്ച് :-

സൂചന:- ബഹുമാനപ്പെട്ട കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 27.4.18 ലെ ആർ1-101578/2018/കോ.വി.വ. സർക്കുലർ.

കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന അനുവദിച്ച് നൽകുന്ന സ്കോളർഷിപ്പുകൾ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനായി നിശ്ചിത സമയപരിധിക്കകം അനുബന്ധ രേഖകളുടെ കൃത്യതയും ആധികാരികതയും ഉറപ്പ് വരുത്തി വെരിഫിക്കേഷനും അപ്രൂവലും നടത്തി സുഗമവും കാര്യക്ഷമവുമായി നടപ്പിലാക്കുവാൻ എല്ലാ ഗവ./എയ്ഡഡ് കോളേജുകളിലും ഒരു സ്കോളർഷിപ്പ് നോഡൽ ഓഫീസർമാരെ ജൂൺ 30 ന് അകം ചുമതലപ്പെടുത്തി അറിയിക്കുവാൻ സൂചന സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. മേൽ നിർദ്ദേശത്തിന് വിഴ്ച വരുത്തിയ എല്ലാ സ്ഥാപന മേധാവികളും 7 ദിവസത്തിനകം നിർദ്ദേശം നടപ്പിലാക്കി അറിയിക്കേണ്ടതാണ്. ഗവൺമെന്റ് അനുവദിച്ച് നൽകുന്ന സ്കോളർഷിപ്പ് യഥാസമയം വെരിഫിക്കേഷൻ അപ്രൂവൽ നടത്താത്തതുമൂലം സ്കോളർഷിപ്പ് തുക ലഭിക്കാതെ വരുന്ന ഓരോ വിദ്യാർത്ഥിക്കും നേരിടുന്ന നഷ്ടം പ്രസ്തുത സ്ഥാപന മേധാവിയുടെ മാത്രം ഉത്തരവാദിത്തമായിരിക്കുമെന്നും പ്രത്യേക ശ്രദ്ധക്കായി ഓർമ്മിപ്പിക്കുന്നു.

ഒപ്പ്

ഹരിത.വി.കുമാർ.ഐ.എ.എസ്

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്